കേരള കാർഷിക സർവ്വകലാശാല

കൃഷി വിജ്ഞാന കേന്ദ്രം, വയനാട്

അമ്പലവയൽ- 673 593

Phone: 04936 260411, E-mail: kvkwayanad@kau.in

നം.കെ.വി.കെ/1067/2026

തീയതി: 08.07.2026

ടെൻഡർ നോട്ടീസ്

കൃഷി വിജ്ഞാന കേന്ദ്രം, അമ്പലവയലിലെ നഴ്സറി യൂണിറ്റിലേക്ക് ഗുണമേന്മയുള്ള കുരുമുളക് തൈകൾ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ ഗുണമേന്മയുള്ളതും, രോഗവിമുക്തവുമായ പന്നിയൂർ 1 കുരുമുളക് വള്ളികൾ വിതരണം ചെയ്തു തരുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

ടെൻഡർ നമ്പർ	നം.കെ.വി.കെ/1067/2026
ടെൻഡർ ലഭിക്കേണ്ട അവസാന തീയതി, സമയം	**16.07.2026 11.00 am**
ടെൻഡർ തുറക്കുന്ന തീയതി, സമയം	**16.07.2026, 11.30 am**
നിരത ദ്രവ്യം (EMD)	**2000/-**
ടെൻഡർ വില	**400+18% GST**
ടെൻഡർ കാലാവധി	**1 വർഷം**
ടെൻഡറുകൾ ലഭിക്കേണ്ട മേൽവിലാസം	**പ്രോഗ്രാം കോ-ഓർഡിനേറ്റർ, കൃഷി വിജ്ഞാന കേന്ദ്രം, വയനാട്, അമ്പലവയൽ**
മേലെഴുത്ത്:-	***'കുരുമുളക് വള്ളികൾ വിതരണം ചെയ്തു തരുന്നതിനുള്ള ടെൻഡർ'***

Specifications:-

- ആവശ്യമുള്ളത് ഏകദേശം 25,0000 മീറ്റർ
- ഈ കേന്ദ്രത്തിലെത്തിക്കുന്നതിനാവശ്യമായ കയറ്റിറക്ക് കൂലി ഉൾപ്പെടെ ഒരു മീറ്ററിനുള്ള നിരക്കാണ് ടെൻഡറിൽ കാണിക്കേണ്ടത്

നിബന്ധനകൾ:-

1. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ടെൻഡറുകൾ പരിഗണിക്കുന്നതല്ല.
2. ടെൻഡർ വിലയ്ക്കും, നിരതദ്രവ്യത്തിനും അംഗീകൃത ബാങ്കുകളുടെ പ്രോഗ്രാം കോ-ഓർഡിനേറ്റർ,കൃഷി വിജ്ഞാന കേന്ദ്രം, വയനാട്, അമ്പലവയലിൻറെ പേരിൽ SBI കൊളഗപ്പാറ ബ്രാഞ്ചിൽ മാറാൻ കഴിയുന്ന ഡ്രാഫ്റ്റുകളായോ, നേരിട്ട് പണമായോ ഓഫീസിൽ ഒടുക്കിയ രശീതി അടക്കം ചെയ്തോ ടെൻഡറുകൾ സമർപ്പിക്കാം.
3. കെ.എ.യു വെബ്സൈറ്റിൽ നിന്നുമെടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം. ടെൻഡറിനോടൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെൻറ് സമർപ്പിക്കേണ്ടതാണ്.
4. **ഒരു മീറ്റർ കുരുമുളക് വള്ളിയുടെ വിലയാണ് ടെൻഡറിൽ കാണിക്കേണ്ടത്.**
5. നടീൽ വസ്തുക്കൾ ഉള്ള കുരുമുളക് തോട്ടം കെ വി കെ യിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥർ, സന്ദർശിച്ച് രോഗ-കീടബാധ ഇല്ലാത്ത തോട്ടങ്ങൾ ആണെന്ന് ഉറപ്പ് വരുത്തുകയും, അവർ നിർദ്ദേശിക്കുന്ന വള്ളിത്തലകൾ മാത്രമേ ശേഖരിക്കാൻ പാടുള്ളു

6. ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ അവർ നിർദ്ദേശിക്കുന്ന കുരുമുളക് ചെടിയുടെ നടീൽ വസ്തു സ്വന്തം നിലക്ക് തൊഴിലാളികളെ നിർത്തി മുറിച്ച് കെ വി കെ യിൽ എത്തിച്ചുതരേണ്ടതാണ്. കെ വി കെ യിൽ എത്തിക്കുന്ന കുരുമുളക് വള്ളികൾക്ക് ഗുണനിലവാരം ഉറപ്പ് വരുത്തിയശേഷം മാത്രമായിരിക്കും പണം നൽകുന്നത്.
7. ടെൻഡർ ലഭിക്കുന്നവരിൽ നിന്ന് നിയമാനുസൃതമായ ആദായ നികുതി ഈടാക്കുന്നതിന് അവർ നിർബന്ധമായും ഇൻവോയ്സിനോടൊപ്പം പാൻ കാർഡിൻറെ കോപ്പിയും ഹാജരാക്കേണ്ടതാണ്.
8. ടെൻഡർ ലഭിച്ച വ്യക്തി സപ്ലൈ ഓർഡർ കൊടുക്കുന്ന മുറയ്ക്ക് സമയബന്ധിതമായി വള്ളിത്തലകൾ എത്തിച്ചുത്തരേണ്ടതാണ്. അല്ലാത്ത പക്ഷം സ്ഥാപനത്തിന് സംഭവിക്കുന്ന നഷ്ടത്തിന് പ്രസ്തുത കക്ഷി ഉത്തരവാദിയായിരിക്കും.
9. തോട്ടങ്ങളിൽ നിന്ന് വള്ളിത്തലകൾ ശേഖരിക്കുമ്പോൾ ഓഫീസിൽ നിന്നും ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻറെ മേൽനോട്ടത്തിൽ മാത്രമേ വള്ളിത്തലകൾ ശേഖരിക്കുകയുള്ളു.
10. കേന്ദ്രത്തിൽ എത്തിച്ച വള്ളികൾ നടാൻ എടുക്കുമ്പോൾ ഗുണമേന്മ ഇല്ലാത്തവ പരിപൂർണ്ണമായും ഒഴിവാക്കി, നടാൻ അനുയോജ്യമായ നടീൽ വസ്തുവിന്റെ നീളമായിരിക്കും ബിൽ തുകയ്ക്കായി പരിഗണിക്കുന്നത്.
11. ടെൻഡർ സമർപ്പിച്ചവർക്ക് ഒരിക്കൽക്കൂടി അവസരം ലഭിക്കുന്നതിനായി അപ്പോൾ ഹാജരുള്ള ദർഘാസുക്കാരെ മാത്രം ഉൾപ്പെടുത്തി അന്നേ ദിവസം മേൽ വിവരിച്ച സമയങ്ങളിൽ ആവശ്യമെങ്കിൽ ലേലവും നടത്തുന്നതാണ്.
12. ടെൻഡറുകൾ ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ടെൻഡർ തുകയോ, ലേലതുകയോ ഏതാണ് കുറവ് എന്ന് നോക്കി ആയത് തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതുമാണ്.
13. ടെൻഡർ പ്രാബല്യത്തിലിരിക്കുന്ന കാലയളവ് ഒരു വർഷമായിരിക്കും.
14. യാതൊരു കാരണവും കാണിക്കാതെ ലേലം/ടെൻഡറുകൾ അസ്ഥിരപ്പെടുത്തുന്നതിനും, നിർത്തിവെയ്ക്കുന്നതിനും, സ്റ്റേഷൻ മേധാവിയ്ക്കുള്ള അധികാരം യാതൊരു കാരണവശാലും ചോദ്യം ചെയ്യാൻ പാടില്ലാത്തതാകുന്നു.
15. ഏതെങ്കിലും കാരണവശാൽ ലേല തീയതി അവധി ദിവസമായി വരുന്ന പക്ഷം അതിനടുത്ത പ്രവർത്തി ദിവസം ലേലം/ടെൻഡർ നടത്തുന്നതായിരിക്കും.
16. സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമാണ്.
17. എല്ലാ കരാർ വ്യവസ്ഥകളും പാലിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
18. ടെൻഡർ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാവുകയോ ചെയ്താൽ തൊട്ടടുത്ത പ്രവർത്തി ദിനത്തിൽ രാവിലെ **11.30** ന് ടെൻഡർ തുറക്കുന്നതാണ്.
19. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ് (ഫോൺ: **04936 260411, 9496930411**)

പ്രോഗ്രാം കോഓർഡിനേറ്റർ

പ്രോഗ്രാം കോ-ഓർഡിനേറ്റർ
കൃഷി വിജ്ഞാന കേന്ദ്രം
വയനാട്, അമ്പലവയൽ - 673 593

പകർപ്പ്:-

1. അമ്പലവയൽ ഗ്രാമപഞ്ചായത്ത്
2. അമ്പലവയൽ വില്ലേജ് ഓഫീസ്
3. ആർ.എ.ആർ.എസ്. അമ്പലവയൽ
4. കെ.എ.യു വെബ് സൈറ്റ്
5. നോട്ടീസ് ബോർഡ്

കൃഷി വിജ്ഞാന കേന്ദ്രം അമ്പലവയൽ PIN - 673 593